ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 14.09.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ബ്രിക്സ് ഉച്ചകോടി വിജയകരമായി സംഘടിപ്പിച്ചതിലൂടെ ഇന്ത്യയുടെ ശക്തമായ സംഘാടന ശേഷി ലോകരാജ്യങ്ങൾക്ക് മുന്നിൽ വ്യക്തമായതായി വിദേശകാര്യമന്ത്രി എസ്. ജയശങ്കർ.

   External Affairs Minister Dr S Jaishankar today lauded the successful conclusion of BRICS Summit 2026 in New Delhi saying that the world saw the strong convening power of India as most of the heads of state were present to represent their countries.

2) സൈന്യത്തിൻറെ നിരന്തര പരിശ്രമങ്ങളുടെ ഫലമായി, ജമ്മു കശ്മീരിലെ സുരക്ഷ സ്ഥിതിഗതികൾ പൂർണമായും നിയന്ത്രണ വിധേയമാണെന്ന് കേന്ദ്രസർക്കാർ

   The Union Government stated that as a result of the army's continuous efforts, the security situation in Jammu and Kashmir is fully under control.

3) ഇന്ത്യയിലെ ഭാഷാവൈവിധ്യം, നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിന് കരുത്ത് പകരുന്നതായി ഹിന്ദി ദിവസ് ആശംസകൾ നേർന്നുകൊണ്ട് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   Union Home Minister Amit Shah, while extending Hindi Diwas greetings, remarked that India's linguistic diversity strengthens the concept of unity in diversity.

4) മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി മലപ്പുറത്ത് കൂടിക്കാഴ്ച നടത്തി മുഖ്യമന്ത്രി വി.ഡി സതീശൻ.

Kerala Chief Minister V.D. Satheesan met with Malaysian Prime Minister Anwar Ibrahim in Malappuram today.

5) കേരളത്തിലെ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

IMD predicts isolated heavy rainfall in various districts of Kerala. Yellow alert has been issued today for Pathanamthitta, Kottayam, Idukki, and Palakkad districts.

6) ഇന്ത്യ അഫ്ഗാനിസ്ഥാൻ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ

In Men's Cricket, India will take on Afghanistan in the second T20 International at the Arun Jaitley Stadium in Delhi tomorrow.

**************

## JAISHANKAR-BRICS

ബ്രിക്സ് ഉച്ചകോടി വിജയകരമായി സംഘടിപ്പിച്ചതിലൂടെ ഇന്ത്യയുടെ ശക്തമായ സംഘാടന ശേഷി ലോകരാജ്യങ്ങൾക്ക് കാണാൻ സാധിച്ചതായി വിദേശകാര്യമന്ത്രി എസ്. ജയശങ്കർ. ലോകം സംഘർഷങ്ങളിലൂടെ കടന്നു പോകുന്ന കാലയളവിലാണ് ഇക്കുറി ഉച്ചകോടി നടന്നത്. സമാധാനം, സുരക്ഷ, സുഗമ വ്യാപാരം, ഊർജ്ജം, പൗര സുരക്ഷ എന്നിവയിൽ സംയോജിത പ്രസ്താവനയ്ക്ക് രൂപം നൽകാൻ ബ്രിക്സ് രാജ്യങ്ങൾക്ക് സാധിച്ചതായും ശ്രീ ജയശങ്കർ പറഞ്ഞു. പശ്ചിമേഷ്യൻ സംഘർഷം ഉൾപ്പെടെയുള്ള വെല്ലുവിളികൾക്കിടെയാണ് ഇത്തരത്തിൽ സമവായത്തിലെത്താൻ സാധിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി. പശ്ചിമേഷ്യയിലെ സംഘർഷം ചർച്ചകളിലൂടെയും നയതന്ത്ര മാർഗ്ഗങ്ങളിലൂടെയും പരിഹരിക്കാനും ബ്രിക്സ് നേതാക്കൾ ആഹ്വാനം ചെയ്തിരുന്നു.

**************

## Defence Report

സൈന്യത്തിൻറെ നിരന്തര പരിശ്രമങ്ങളുടെ ഫലമായി, ജമ്മു കശ്മീരിലെ സുരക്ഷ സ്ഥിതിഗതികൾ പൂർണമായും നിയന്ത്രണ വിധേയമാണെന്ന്

കേന്ദ്രസർക്കാർ. പ്രതിരോധ മന്ത്രാലയത്തിൻറെ 2025-26 ലെ വാർഷിക റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. ഓപ്പറേഷൻ സിന്ദൂർ, നിയന്ത്രണ രേഖയിലെ സാഹചര്യങ്ങളിൽ വലിയ തോതിൽ മാറ്റം വരുത്തി. ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയിലെ ഉഭയകക്ഷി ചർച്ചകൾ, ഇരു രാജ്യങ്ങളുടെയും അതിർത്തി മേഖലയിൽ സുസ്ഥിരതയ്ക്ക് കാരണമായെന്നും റിപ്പോർട്ടിൽ പറയുന്നു. ഏത് അടിയന്തര സാഹചര്യവും നേരിടാൻ ഇന്ത്യൻ സേന സുസജ്ജമാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

**************

## AMIT SHAH-RAJBHASHA (INTRO)

ഇന്ത്യയിലെ ഭാഷാവൈവിധ്യം, നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിന് കരുത്ത് പകരുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഭാഷാ വൈപുല്യം രാജ്യത്തിൻറെ ശക്തിയാണെന്നും ജനങ്ങൾക്ക് ഹിന്ദി ദിവസ് ആശംസകൾ നേർന്നുകൊണ്ട് അദ്ദേഹം പറഞ്ഞു . രാജ്ഭാഷാ ഗൗരവ്", 'രാജ്ഭാഷാ കീർത്തി' പുരസ്കാരങ്ങൾ നവി മുംബൈയിൽ നടന്ന ആറാമത് അഖിലേന്ത്യാ ഔദ്യോഗിക ഭാഷാ സമ്മേളനത്തിൽ അദ്ദേഹം സമ്മാനിച്ചു. ദേശീയ ഐക്യത്തെ ശക്തിപ്പെടുത്താൻ ഹിന്ദി ഭാഷയ്ക്ക് സാധിക്കുന്നതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്)

**************

## PM - SEMICON INDIA

സെമികോൺ ഇന്ത്യ അഞ്ചാം പതിപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ യശോഭൂമിയിൽ ഈ മാസം 17 ന് ഉദ്ഘാടനം ചെയ്യും. ഇന്ത്യ സെമികണ്ടക്ടർ മിഷൻ, ഇലക്ട്രോണിക്സ് & IT മന്ത്രാലയം എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇന്ത്യയിലെ പ്രധാനപ്പെട്ട സെമികണ്ടക്ടർ മേളയായ സെമികോൺ ഇന്ത്യയിൽ, 600-ലധികം പ്രദർശകരും 300-ഓളം അന്താരാഷ്ട്ര കമ്പനികളും 40-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുക്കും. സ്റ്റാർട്ടപ്പുകൾക്കായി പ്രത്യേക പവലിയനും പ്രദർശനത്തിലുണ്ടാകും.

**************

## MANOHAR-G20

ജി20 ഊർജ്ജ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിനായി കേന്ദ്ര മന്ത്രി മനോഹർ ലാൽ അമേരിക്കയിലെത്തി. യോഗത്തിന്

മുന്നോടിയായി, സംരംഭകർ, വിദ്യാർത്ഥികൾ, സാംസ്കാരിക നേതാക്കൾ എന്നിവരുമായി കേന്ദ്രമന്ത്രി കൂടിക്കാഴ്ച നടത്തി.

**************

## JITENDRA- POST DEPARTMENT

തപാൽ ജീവനക്കാരുടെ അഖിലേന്ത്യാ സംഘടന പ്രതിനിധികൾ ഇന്ന് ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗുമായി കൂടിക്കാഴ്ച നടത്തി.

തപാൽ സേവനങ്ങളിലെ പരിവർത്തനം കൂടിക്കാഴ്ചയിൽ ചർച്ചയായി.

**************

## PIB FACT CHECK

വിവിധ സർക്കാർ പദ്ധതികളുമായി ബന്ധപ്പെട്ട് സമൂഹ മാധ്യമങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ എഐ നിർമിത

വ്യാജ വീഡിയോകൾ പ്രചരിക്കുന്നതായി കേന്ദ്ര സർക്കാർ.

ഇത്തരം വീഡിയോകളെ കുറിച്ച് ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു.

**************

## Malaysian Prime Minister

മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം മുഖ്യമന്ത്രി വി.ഡി. സതീശനുമായി മലപ്പുറത്ത് കൂടിക്കാഴ്ച നടത്തി. വ്യവസായ വകുപ്പ് മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി, മുസ്ലീംലീഗ് സംസ്ഥാന പ്രസിഡൻറ് പാണക്കാട് സയ്യിദ് സാദിഖലി തങ്ങൾ, നിക്ഷേപകർ എന്നിവരുമായും മലേഷ്യൻ പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

**************

## RAID -(INTRO)

തീയറ്ററുകളിലെ കഫേകളിൽ അന്യായ വില ഈടാക്കുന്നുവെന്ന പരാതിയുമായി ബന്ധപ്പെട്ട് എറണാകുളത്ത് നടന്ന റെയ്ഡിൽ മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തു. മൾട്ടിപ്ലക്സ് ഉൾപ്പെടെ വിവിധ തീയേറ്ററുകളിലാണ് റെയ്ഡ് നടന്നത്. .

കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി. നഹീമ.

(വോയ്സ്)

**************

## POWER CUT

സംസ്ഥാനത്ത് ഇന്നു രാത്രിയും വൈദ്യുതി ഭാഗികമായി മുടങ്ങുമെന്ന് കെ.എസ്.ഇ ബി. രാത്രി 12.45 വരെയായിരിക്കും നിയന്ത്രണം.

**************

## NHAI-HELPLINE

ദേശീയ പാത ഹെൽപ്ലൈൻ 1033 ലൂടെയുള്ള സേവനങ്ങൾ പരിഷ്കരിക്കാൻ തീരുമാനിച്ച് NHAI. യാത്രക്കാർക്ക് വേഗത്തിൽ സഹായം ഉറപ്പുവരുത്തുന്നതിനാണ് നടപടി. നിർമിത ബുദ്ധി, ഉൾപ്പെടെ പ്രയോജനപ്പെടുത്തിക്കൊണ്ട്, 1033-ൽ വിളിക്കുന്നവരുടെ ലൊക്കേഷൻ, ഭാഷ എന്നിവ മനസ്സിലാക്കി കൃത്യമായ സഹായം എത്തിക്കുകയാണ് ലക്ഷ്യമിടുന്നത്.

**************

## RBI-DIRECTIONS

സൈബർ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് മ്യൂൾ അക്കൗണ്ടുകളിലൂടെയെന്ന് സംശയിക്കുന്ന 1,000 രൂപയ്ക്ക് മുകളിലെ പണമിടപാടുകളിൽ, അക്കൗണ്ട് മുഴുവനായി മരവിപ്പിക്കുന്നതിന് പകരം തർക്കത്തിലുള്ള തുക മാത്രം താൽക്കാലികമായി മരവിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകി റിസർവ് ബാങ്ക്. നിർദ്ദേശങ്ങൾ 2027 ഏപ്രിൽ 1 മുതലാണ് പ്രാബല്യത്തിൽ വരിക.

**************

## CPI- AUGUST

ഇന്ത്യയിലെ വാർഷിക റീട്ടെൽ പണപ്പെരുപ്പം ഓഗസ്റ്റ് മാസത്തിൽ 4.82 ശതമാനമായി ഉയർന്നെന്ന് കേന്ദ്ര സ്റ്റാറ്റിസ്റ്റിക് മന്ത്രാലയം. ഭക്ഷ്യവസ്തുക്കളുടെ വില ഉയർന്ന നിലയിൽ തുടരുന്നതാണ് പണപ്പെരുപ്പ നിരക്ക് ഉയരാൻ കാരണം.

**************

## Ganesh Chaturthi

വിനായക ചതുർഥിയുടെ ഭാഗമായി സംസ്ഥാനത്ത് വിപുലമായ ആഘോഷ പരിപാടികൾ . ഗണപതി ക്ഷേത്രങ്ങളിൽ ഇന്ന് പ്രത്യേക പൂജകളും നടക്കുന്നുണ്ട്.

**************

## MENS CRICKET

ഇന്ത്യ അഫ്ഗാനിസ്ഥാൻ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് കളി ആരംഭിക്കുക. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കായിരുന്നു വിജയം.

**************

## IMD Kerala

കേരളത്തിലെ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. തെക്കൻ കേരള തീരത്ത് ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കണ്ണൂർ - കാസറഗോഡ് ജില്ലകളിലെ തീരങ്ങളിൽ നാളെ രാത്രി 11.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്.

**************

## IMD WEATHER

അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഗുജറാത്തിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ഹരിയാന, ചണ്ഡീഗഡ്, പഞ്ചാബ്, കിഴക്കൻ രാജസ്ഥാൻ, ഒഡീഷ, ബിഹാർ എന്നിവിടങ്ങളിലും ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും സമാനമായ കാലാവസ്ഥയാണ്.

**************

## YEMEN-HOUTHI

തെക്കൻ ചെങ്കടലിലെ തന്ത്രപ്രധാനമായ കൂടുതൽ ദ്വീപുകൾ യെമനിലെ ഹൂതി വിമതർ പിടിച്ചെടുത്തതായി റിപ്പോർട്ട്. ഗ്രേറ്റർ ഹാനിഷ്, ലെസ്സർ ഹാനിഷ് ദ്വീപുകളിൽ വിമത പോരാളികളെ വിന്യസിച്ചതായി യെമൻ ഭരണകൂടവും ഹൂതി വക്താവും അറിയിച്ചു. സൗദി പിന്തുണയുള്ള യെമൻ സൈന്യത്തിൽ നിന്ന് മോഖ തുറമുഖ നഗരവും മയൂൻ ദ്വീപും കഴിഞ്ഞ ആഴ്ച വിമതർ പിടിച്ചെടുത്തിരുന്നു.

**************

## Nepal - Electricity Assistance

പ്രളയത്തെത്തുടർന്ന് ഊർജ പ്രതിസന്ധി നേരിടുന്ന നേപ്പാളിന് ദിവസേന 18 മണിക്കൂർ വൈദ്യുതി നൽകുന്നതിന് ഊർജ്ജ മന്ത്രാലയം അനുമതി നൽകി. കഴിഞ്ഞ ആഴ്ചയുണ്ടായ പ്രളയത്തിൽ നേപ്പാളിൻറെ ജലവൈദ്യുത പദ്ധതികളിൽ കേടുപാടുകൾ സംഭവിക്കുകയും ആഭ്യന്തര ഉൽപ്പാദന ശേഷി കുറയുകയും സാഹചര്യത്തിലാണ് തീരുമാനം. ഈ വർഷം ഡിസംബർ 31 വരെയാണ് വൈദ്യുതി നൽകുന്നത്.

**************

## POJK-HUMAN RIGHTS

പാക് അധീന കശ്മീരിലെ പ്രതിഷേധങ്ങളിൽ ആശങ്ക അറിയിച്ച് പി-ഒ-കെ മനുഷ്യാവകാശ കൗൺസിൽ. 100 ദിവസം പിന്നിട്ട പ്രതിഷേധം അവസാനിച്ചില്ലെങ്കിൽ ജനങ്ങൾക്കിടയിൽ അവിശ്വാസവും അസ്ഥിരതയും വർദ്ധിക്കുമെന്ന് കൗൺസിൽ മുന്നറിയിപ്പ് നൽകി. ഉടൻ ചർച്ചകൾ ആരംഭിക്കാനും, ജനാധിപത്യപരമായ പരിഹാരം തേടാനും കൗൺസിൽ പാകിസ്ഥാൻ അധികൃതരോട് ആവശ്യപ്പെട്ടു.

**************

## POLAND-RUSSIA-CONFLICT

യുക്രെയ്ൻ അതിർത്തിക്ക് സമീപം റഷ്യൻ ഡ്രോൺ ആക്രമണങ്ങൾ വർധിച്ച സാഹചര്യത്തിൽ, അതിർത്തിയിൽ സുരക്ഷ ശക്തമാക്കുമെന്ന് പോളണ്ട് . കിഴക്കൻ അതിർത്തി പ്രദേശങ്ങളിൽ റഷ്യൻ സൈനിക നീക്കങ്ങൾ ശക്തമാകാനിടയുള്ളതിനാൽ, സാധ്യമായ സംയുക്ത പ്രതികരണത്തെക്കുറിച്ച് നാറ്റോ സഖ്യകക്ഷികളുമായി ചർച്ച നടത്തുമെന്ന് പോളിഷ് പ്രധാനമന്ത്രി ഡൊണാൾഡ് ടസ്ക് വ്യക്തമാക്കി. അതേസമയം, യുക്രെയ്നിലുടനീളം സൈനിക നടപടികൾ തുടരുമെന്നും സംഘർഷം പരിഹരിക്കാനുള്ള ശ്രമങ്ങളിൽ ഇന്ത്യയ്ക്കും ചൈനയ്ക്കും പങ്കുവഹിക്കാൻ കഴിയുമെന്നും ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് പറഞ്ഞു.

**************

********

***